**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1386** **28-07-2021 - ൽ മറുപടിയ്ക്ക്**

**സി.ആർ.ഇസഡ്. നിയമത്തിൽ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറത്തിറക്കിയ 2011 ലെ സി.ആർ.ഇസഡ്. നിയമത്തിൽ ഇളവ് നൽകാൻ നടപടികളായിട്ടുണ്ടോ; | (എ) | 2011 ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ 18.01.2019 ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി, അത് കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാവ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് ബാധകമാകും. തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20.08.2019-ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാനിന്റെ ആദ്യ കരട് തയ്യാറായിട്ടുണ്ട്. കരട് തീരദേശ പ്ലാൻ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ച് 01.07.2021-ൽ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ഈ രംഗത്തെ വിദഗ്ദ്ധരായ ശ്രീ.പി.ഇസഡ്.തോമസ്, ശ്രീ.പി.ബി സഹസ്രനാമൻ എന്നിവരുമാണ് സമിതി അംഗങ്ങൾ. താഴെപറയുന്ന കാര്യങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 1. കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം (NESS) തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ സമർപ്പിച്ച പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിച്ച് അപാകതകൾ ഉണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം. 2. 2019 ലെ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം വഴി സംസ്ഥാനത്തിനുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം. 3. ഇതു സംബന്ധിച്ച മുൻപത്തെ എല്ലാ കമ്മിറ്റികളുടെയും കണ്ടെത്തലുകളും ശിപാർശകളും പരിഗണിച്ചുള്ള നിർദ്ദേശങ്ങൾ. 4. ജുഡീഷ്യൽ പ്രഖ്യാപനങ്ങൾ വിവിധ Stakeholders |

| | | | |
|---|---|---|---|
| | | | പ്രാതിനിധ്യം ഇവ കൂടി പരിഗണിച്ച് ആവശ്യമെങ്കിൽ ഉചിതമായ ഭേദഗതി നിർദ്ദേശിക്കുക. 5. തീരദേശ പരിപാലന പ്ലാൻ പോരായ്മകളില്ലാതെ തയ്യാറാക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാരിന് പരിഗണിക്കാവുന്ന മറ്റ് ശിപാർശകൾ. വിദഗ്ധ സമിതി ഇതിനകം രണ്ടുതവണ യോഗം ചേർന്നു. പ്രീ-ഡ്രാഫ്റ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ ടൂറിസം പ്ലാൻ, ഫിഷറീസ് പ്ലാൻ എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. ടൂറിസം പ്ലാൻ ലഭ്യമായിട്ടുണ്ട്. തുടർന്ന് തദ്ദേശ സ്ഥാപനങ്ങൾക്ക് കരട് നൽകി അഭിപ്രായങ്ങൾ സ്വീകരിച്ച ശേഷം പബ്ലിക് ഹിയറിംഗ് നടത്തും. ആഗസ്റ്റ് അവസാനത്തോടെ പബ്ലിക് ഹിയറിംഗ് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീരദേശ പ്ലാൻ തയ്യാറാക്കൽ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും സാങ്കേതിക കാര്യങ്ങൾ പൂർത്തീകരിച്ച് പുതുക്കിയ പ്ലാൻ 30.09.2021 സമർപ്പിക്കാനാകണമെന്നും തീരുമാനിച്ചിട്ടുണ്ട്. വകുപ്പുതലത്തിൽ തന്നെ പരമാവധി അപാകതകൾ പരിഹരിച്ചാൽ പബ്ലിക് ഹിയറിംഗ് സമയത്ത് പരാതികൾ കുറഞ്ഞിരിക്കുമെന്നതിനാൽ അതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ബി) | ഭൂമി ശാസ്ത്രഘടന പരിഗണിച്ച് ദ്വീപ് പഞ്ചായത്തായ വലിയപറമ്പ് ദ്വീപ് നിവാസികൾക്ക് ഭൂനിയമത്തിൽ ഇളവ് നൽകാൻ നടപടികൾ ഉണ്ടാകുമോ; | (ബി) | 2011 ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ 18.01.2019 ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി, അത് കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാവ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് ബാധകമാകും. തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20.08.2019-ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാനിന്റെ ആദ്യ കരട് തയ്യാറായിട്ടുണ്ട്. കരട് തീരദേശ പ്ലാൻ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിന് മൂന്നംഗ വിദഗ്ധ സമിതി രൂപീകരിച്ച് 01.07.2021-ൽ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ഈ രംഗത്തെ വിദഗ്ധരായ ശ്രീ.പി.ഇസഡ്.തോമസ്, ശ്രീ.പി.ബി സഹസ്രനാമൻ എന്നിവരുമാണ് സമിതി അംഗങ്ങൾ. താഴെപറയുന്ന കാര്യങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 1. കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം (NESS) തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ സമർപ്പിച്ച പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിച്ച് അപാകതകൾ ഉണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നിർദ്ദേശം. 2. 2019 ലെ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം വഴി സംസ്ഥാനത്തിനുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം. 3. ഇതു സംബന്ധിച്ച മുൻപത്തെ എല്ലാ കമ്മിറ്റികളുടെയും കണ്ടെത്തലുകളും ശിപാർശകളും പരിഗണിച്ചുള്ള നിർദ്ദേശങ്ങൾ. 4. ജൂഡീഷ്യൽ പ്രഖ്യാപനങ്ങൾ വിവിധ Stakeholders പ്രാതിനിധ്യം ഇവ കൂടി പരിഗണിച്ച് ആവശ്യമെങ്കിൽ ഉചിതമായ ഭേദഗതി നിർദ്ദേശിക്കുക. 5. തീരദേശ പരിപാലന പ്ലാൻ പോരായ്മകളില്ലാതെ തയ്യാറാക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാരിന് പരിഗണിക്കാവുന്ന മറ്റ് ശിപാർശകൾ. വിദഗ്ദ്ധ സമിതി ഇതിനകം രണ്ടുതവണ യോഗം ചേർന്നു. പ്രീ-ഡ്രാഫ്റ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ ടൂറിസം പ്ലാൻ, ഫിഷറീസ് പ്ലാൻ എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. ടൂറിസം പ്ലാൻ ലഭ്യമായിട്ടുണ്ട്. തുടർന്ന് തദ്ദേശ സ്ഥാപനങ്ങൾക്ക് കരട് നൽകി അഭിപ്രായങ്ങൾ സ്വീകരിച്ച ശേഷം പബ്ലിക് ഹിയറിംഗ് നടത്തും. ആഗസ്റ്റ് അവസാനത്തോടെ പബ്ലിക് ഹിയറിംഗ് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീരദേശ പ്ലാൻ തയ്യാറാക്കൽ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും സാങ്കേതിക കാര്യങ്ങൾ പൂർത്തീകരിച്ച് പുതുക്കിയ പ്ലാൻ 30.09.2021 സമർപ്പിക്കാനാകണമെന്നും തീരുമാനിച്ചിട്ടുണ്ട്. വകുപ്പുതലത്തിൽ തന്നെ പരമാവധി അപാകതകൾ പരിഹരിച്ചാൽ പബ്ലിക് ഹിയറിംഗ് സമയത്ത് പരാതികൾ കുറഞ്ഞിരിക്കുമെന്നതിനാൽ അതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രദേശം, 2020 -ൽ ഇറക്കിയ ഭേദഗതി നിർദ്ദേശത്തിൽ ഉൾപ്പെടാത്ത പ്രദേശമായതിനാൽ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള ജനങ്ങൾക്ക് വീട് വയ്ക്കാനും മറ്റും ഇളവുകൾ നൽകുമോയെന്ന് വ്യക്തമാക്കുമോ? | (സി) | 2011 ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ 18.01.2019 ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി, അത് കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാവ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് ബാധകമാകും. തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20.08.2019-ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാനിന്റെ ആദ്യ കരട് തയ്യാറായിട്ടുണ്ട്. കരട് തീരദേശ പ്ലാൻ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ച് 01.07.2021-ൽ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ഈ രംഗത്തെ വിദഗ്ദ്ധരായ ശ്രീ.പി.ഇസഡ്.തോമസ്, |

| | | | |
|---|---|---|---|
| | | | ശ്രീ.പി.ബി സഹസ്രനാമൻ എന്നിവരുമാണ് സമിതി അംഗങ്ങൾ. താഴെപറയുന്ന കാര്യങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 1. കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം (NESS) തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ സമർപ്പിച്ച പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിച്ച് അപാകതകൾ ഉണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം. 2. 2019 ലെ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം വഴി സംസ്ഥാനത്തിനുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം. 3. ഇതു സംബന്ധിച്ച മുൻപത്തെ എല്ലാ കമ്മിറ്റികളുടെയും കണ്ടെത്തലുകളും ശിപാർശകളും പരിഗണിച്ചുള്ള നിർദ്ദേശങ്ങൾ. 4. ജുഡീഷ്യൽ പ്രഖ്യാപനങ്ങൾ വിവിധ Stakeholders പ്രാതിനിധ്യം ഇവ കൂടി പരിഗണിച്ച് ആവശ്യമെങ്കിൽ ഉചിതമായ ഭേദഗതി നിർദ്ദേശിക്കുക. 5. തീരദേശ പരിപാലന പ്ലാൻ പോരായ്മകളില്ലാതെ തയ്യാറാക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാരിന് പരിഗണിക്കാവുന്ന മറ്റ് ശിപാർശകൾ. വിദഗ്ധ സമിതി ഇതിനകം രണ്ടുതവണ യോഗം ചേർന്നു. പ്രീ-ഡ്രാഫ്റ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ ടൂറിസം പ്ലാൻ, ഫിഷറീസ് പ്ലാൻ എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. ടൂറിസം പ്ലാൻ ലഭ്യമായിട്ടുണ്ട്. തുടർന്ന് തദ്ദേശ സ്ഥാപനങ്ങൾക്ക് കരട് നൽകി അഭിപ്രായങ്ങൾ സ്വീകരിച്ച ശേഷം പബ്ലിക് ഹിയറിംഗ് നടത്തും. ആഗസ്റ്റ് അവസാനത്തോടെ പബ്ലിക് ഹിയറിംഗ് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീരദേശ പ്ലാൻ തയ്യാറാക്കൽ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും സാങ്കേതിക കാര്യങ്ങൾ പൂർത്തീകരിച്ച് പുതുക്കിയ പ്ലാൻ 30.09.2021 സമർപ്പിക്കാനാകണമെന്നും തീരുമാനിച്ചിട്ടുണ്ട്. വകുപ്പുതലത്തിൽ തന്നെ പരമാവധി അപാകതകൾ പരിഹരിച്ചാൽ പബ്ലിക് ഹിയറിംഗ് സമയത്ത് പരാതികൾ കുറഞ്ഞിരിക്കുമെന്നതിനാൽ അതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ